**യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (ഒക്ടോബർ 08-09, 2025)**

ഒക്ടോബർ 04, 2025

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം, യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രി സർ കെയർ സ്റ്റാർമർ MP 2025 ഒക്ടോബർ 8-9 തീയതികളിൽ ഇന്ത്യ സന്ദർശിക്കും. പ്രധാനമന്ത്രി സ്റ്റാർമറിന്റെ ആദ്യ ഔദ്യോഗിക ഇന്ത്യാ സന്ദർശനമാണിത്.

2. ഒക്ടോബർ 9 ന് മുംബൈയിൽ വെച്ച് രണ്ട് പ്രധാനമന്ത്രിമാരും വ്യാപാരം, നിക്ഷേപം, സാങ്കേതികവിദ്യ, നവീകരണം, പ്രതിരോധം, സുരക്ഷ, കാലാവസ്ഥ, ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നീ പ്രധാന മേഖലകളിലെ പരിപാടികളുടെയും സംരംഭങ്ങളുടെയും 10 വർഷത്തെ റോഡ്മാപ്പായ 'വിഷൻ 2035' ന് അനുസൃതമായി ഇന്ത്യ-UK സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന്റെ വിവിധ വശങ്ങളിലെ പുരോഗതി വിലയിരുത്തും. ഇരുനേതാക്കളും വ്യവസായ-വാണിജ്യ നേതാക്കളുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-UK ഭാവി സാമ്പത്തിക പങ്കാളിത്തത്തിന്റെ കേന്ദ്രമായി ഇന്ത്യ-UK സമഗ്ര സാമ്പത്തിക വ്യാപാര കരാർ (CETA) മുന്നോട്ടുവെക്കുന്ന അവസരങ്ങളിൽ അവർ ചർച്ച നടത്തുകയും ചെയ്യും. പ്രാദേശിക, ആഗോള പ്രാധാന്യമുള്ള വിഷയങ്ങളിൽ അവർ അഭിപ്രായങ്ങൾ കൈമാറും.

3. പ്രധാനമന്ത്രി മോദിയും പ്രധാനമന്ത്രി സ്റ്റാർമറും മുംബൈയിൽ നടക്കുന്ന 6-ാമത് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പങ്കെടുക്കുകയും മുഖ്യ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്യും. വ്യവസായ വിദഗ്ധർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ എന്നിവരുമായി നേതാക്കൾ സംവദിക്കുകയും ചെയ്യും.

4. 2025 ജൂലൈ 23-24 തീയതികളിൽ പ്രധാനമന്ത്രി മോദി നടത്തിയ UK സന്ദർശനത്തിന്റെ തുടർച്ചയായാണ് ഈ സന്ദർശനം. ഭാവിയിലേക്കുള്ള പങ്കാളിത്തം കെട്ടിപ്പടുക്കുന്നതിനുള്ള ഇന്ത്യയുടെയും UK യുടെയും പൊതുവായ കാഴ്ചപ്പാട് വീണ്ടും ഉറപ്പാക്കുന്നതിനുള്ള അവസരം ഈ സന്ദർശനത്തിലൂടെ ലഭിക്കും.

**ന്യൂഡൽഹി**

**ഒക്ടോബർ 04, 2025**